DESPATCHED
On..22/01/22..
21/1/22

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**AP.1694(3)/2020/എസ്.ഐ.സി. തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
(ഫയൽ നം. 14062/എസ്.ഐ.സി-ജി1/20)
സന്നിഹിതൻ

ഡോ.വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി : 2022 ജനുവരി 21

ശ്രീമതി. ഭാനുമതിയമ്മ,
പുളിക്കിലേടത്ത് വീട്,
വള്ളിക്കോട്,
പത്തനംതിട്ട.
} അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി സെക്രട്ടറി,
ടാക്സസ്(എഫ്) ഡിപ്പാർട്ട്മെന്റ്,
ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
എക്സൈസ് കമ്മീഷണറുടെ കാര്യാലയം,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി & ജോയിന്റ് സെക്രട്ടറി,
ടാക്സസ്(എഫ്) ഡിപ്പാർട്ട്മെന്റ്,
ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
} എതിർകക്ഷികൾ

## തിരുത്തൽ ഉത്തരവ്

എ.പി. നം.1694(3)/2020/എസ്.ഐ.സി നമ്പർ അപ്പീൽ ഹർജി തീർപ്പാക്കിക്കൊണ്ട് കമ്മീഷൻ 05/10/2021-ന് പുറപ്പെടുവിച്ച ഉത്തരവിലെ രണ്ടാം പുറത്തെ ഒന്നാം ഖണ്ഡികയിൽ "തന്റെ ഭർത്താവായ" എന്ന് തെറ്റായി രേഖപ്പെടുത്തിയത് നീക്കം ചെയ്ത് ഇന്നേ ദിവസം 2022 ജനുവരി 21-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ.വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്
കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel 0471 2561630, 2561615, Fax: 0471 2330920
Email:- sic.ker@nic.in


No.92/G1-2022/SIC

Date : 21/01/2022

ശ്രീമതി ഭാനുമതിയമ്മ,
പുളിക്കിലേടത്ത് വീട്,
വള്ളിക്കോട്,
പത്തനംതിട്ട - 689 648.

അഡ്വ. പ്രദീപ് കെ. ജി.,
കമല കോംപ്ലക്സ്,
പത്തനംതിട്ട - 689 645.

സർ,

വിഷയം: 05.10.2021 തീയതിയിലെ AP No. 1694(3)/2020/SIC നമ്പർ ഉത്തരവിന്റെ തിരുത്തൽ ഉത്തരവ് പുറപ്പെടുവിച്ചത് - സംബന്ധിച്ച്.

സൂചന:
1) 05.10.2021 തീയതിയിലെ AP No.1694(3)/2020/SIC നമ്പർ ഉത്തരവ്.
2) 03.01.2022 തീയതി കമ്മീഷനിൽ ലഭിച്ച 24.11.2021 ലെ അഡ്വ. പ്രദീപ് കെ. ജി. യുടെ ലീഗൽ നോട്ടീസ്.
3) 21.01.2022 തീയതിയിലെ AP No. 1694(3)/2020/SIC നമ്പർ ഹർജി യിലെ തിരുത്തൽ ഉത്തരവ്.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ശ്രീമതി ഭാനുമതിയമ്മ കമ്മീഷനിൽ സമർപ്പിച്ച രണ്ടാം അപ്പീൽ അപേക്ഷ സൂചന (1) പ്രകാരം തീർപ്പാക്കിക്കൊണ്ട് ബഹു. വിവരാവകാശ കമ്മീഷണർ ശ്രീ. എസ്. സോമനാഥൻ പിള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ബഹു. കമ്മീഷണർ ശ്രീ. എസ്. സോമനാഥൻ പിള്ള തന്റെ സേവന കാലാവധി അവസാനിച്ച് വിടുതൽ ചെയ്തതിനാൽ സൂചന (1) ലെ ഉത്തരവിന്മേൽ ബഹു. മുഖ്യ വിവരാവകാശ കമ്മീഷണർ ഡോ. വിശ്വാസ് മേത്ത സൂചന (3) പ്രകാരം തിരുത്തൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു. സൂചന (1) ലെ ഉത്തരവിൽ സംഭവിച്ച പിഴവിന് കമ്മീഷൻ നിർവ്യാജം ഖേദം പ്രകടിപ്പിക്കുന്നു. സൂചന (3) പ്രകാരമുള്ള തിരുത്തൽ ഉത്തരവ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. കമ്മീഷൻ ഉത്തരവിൽ മന:പൂർവ്വമല്ലാതെ സംഭവിച്ച പിഴവായതിനാൽ നഷ്ടപരിഹാരം വേണമെന്ന താങ്കളുടെ ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**കുമാരി ബീന വി. റ്റി.**
കമ്മീഷൻ സെക്രട്ടറി